2026
MAY
23
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# തിരുവഞ്ചൂർ രാധാകൃഷ്ണൻ സ്പീക്കർ



*പതിനാറാം കേരള നിയമസഭയുടെ സ്പീക്കറായി തിരുവഞ്ചൂർ രാധാകൃഷ്ണനെ മുഖ്യമന്ത്രി വി.ഡി സതീശൻ അഭിനന്ദിക്കുന്നു. മന്ത്രിമാരായ പി.കെ കുഞ്ഞാലിക്കുട്ടി, പി.സി വിഷ്ണുനാഥ്, അനൂപ് ജേക്കബ്ബ് തുടങ്ങിയവർ സമീപം.*

**തിരുവനന്തപുരം:** പതിനാറാം കേരള നിയമസഭയുടെ സ്പീക്കറായി തിരുവഞ്ചൂർ രാധാകൃഷ്ണനെ തിരഞ്ഞെടുത്തു. നിയമസഭയുടെ ചരിത്രത്തിലാദ്യമായി മൂന്ന് സ്ഥാനാർഥികൾ മത്സരരംഗത്തുണ്ടായിരുന്നു എന്ന പ്രത്യേകതയും ഇത്തവണ ഉണ്ടായി . രാവിലെ ഒൻപതിന് പ്രോടെം സ്പീക്കർ ജി. സുധാകരന്റെ അധ്യക്ഷതയിലാണ് വോട്ടെടുപ്പ് ആരംഭിച്ചത്. എല്ലാ അംഗങ്ങളും വോട്ട് രേഖപ്പെടുത്തിയതിന് ശേഷം സ്ഥാനാർഥികളുടെ ഏജന്റുമാരുടെയും പ്രോടെം സ്പീക്കറുടെയും സാന്നിധ്യത്തിൽ വോട്ടെണ്ണൽ നടത്തി ഫലം പ്രഖ്യാപിച്ചത്. 101 അംഗങ്ങളുടെ പിന്തുണയോടെയാണ് യു.ഡി.എഫ് സ്ഥാനാർഥി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വിജയം. എൽ.ഡി.എഫിന് 35 അംഗങ്ങളും എൻ.ഡി.എയ്ക്ക് മൂന്ന് അംഗങ്ങളുമാണ് വോട്ട് രേഖപ്പെടുത്തിയത്.

പ്രോടെം സ്പീക്കർ എന്ന നിലയിൽ ജി. സുധാകരൻ വോട്ട് രേഖപ്പെടുത്തിയില്ല. പുതുതായി തെരഞ്ഞെടുത്ത സ്പീക്കറെ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചേർന്ന് സ്പീക്കറുടെ ഇരിപ്പിടത്തിലേക്ക് ആനയിച്ചു.

## നാല് ജില്ലകളിൽ ഭാഗീകമായി വൈദ്യുതി തടസ്സപ്പെടാൻ സാധ്യത

**തിരുവനന്തപുരം:** കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഈ മാസം 25 വരെ ഭാഗികമായി വൈദ്യുതിവിതരണം തടസ്സപ്പെടാൻ സാധ്യതയെന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചു. പവർഗ്രിഡ് കോർപ്പറേഷന്റെ (PGCIL) കോഴിക്കോട് 400 കെ.വി. സബ്സ്റ്റേഷനിലെ 3ാമത് നമ്പർ 500 എം.വി.എ. ട്രാൻസ്ഫോർമറിന്റെ 220 കെ.വി. ബുഷിംഗിൽ തകരാർ സംഭവിച്ചിരുന്നു. ഇതിന്റെ അറ്റകുറ്റപണികൾക്ക് മെയ് 12 മുതൽ ഒരാഴ്ചക്കാലം സമയം വേിവരുമെന്ന് പവർഗ്രിഡ് കോർപ്പറേഷൻ അറിയിച്ച സാഹചര്യത്തിൽ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മേൽ ദിവസങ്ങളിൽ ഭാഗികമായി വൈദ്യുതി നിയന്ത്രണം വേണ്ടിവരുമെന്ന് കെ.എസ്.ഇ.ബി.എൽ നേരത്തെ അറിയിച്ചിരുന്നു. എന്നാൽ ഈ സമയത്തിനുള്ളിൽ അറ്റകുറ്റ പണികൾ തീരാത്ത സാഹചര്യത്തിൽ ജോലികൾ പൂർത്തിയാക്കുന്നതിന് മെയ് 25 വരെ സമയം ആവശ്യമായി വരുമെന്നാണ് പവർഗ്രിഡ് കോർപ്പറേഷൻ ഇപ്പോൾ അറിയിച്ചിരിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ അറിയിച്ചു.




# വർധിച്ച ഇന്ധന ആവശ്യകത; വിതരണ ശൃംഖല ശക്തിപ്പെടുത്തി ബിപിസിഎൽ

### * മെട്രോ നഗരങ്ങളിൽ ഇന്ധന ലഭ്യത സാധാരണ നിലയിൽ

**കൊച്ചി:** രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും ആവശ്യകത വർധിക്കുന്ന സാഹചര്യത്തിൽ ചെറുകിട നഗരങ്ങളിലും പ്രാദേശിക വിപണിയിലും ഇന്ധന ലഭ്യത ഉറപ്പാക്കിയതായി ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ). മുഴുവൻ സമയ സേവനങ്ങളിലൂടെ വിതരണ ശൃംഖലയെ പൂർണമായും ഉപയോഗപ്പെടുത്തിയാണ് ഇന്ധന ലഭ്യത ഉറപ്പാക്കുന്നത്. മെട്രോ നഗരങ്ങളിൽ ഇന്ധന ലഭ്യത സാധാരണ നിലയിലാണെങ്കിലും, ചെറുകിടഅർദ്ധനഗര മേഖലകളിലെ പ്രാദേശിക ആവശ്യകതയും മുൻകരുതലായി ഇന്ധനം വാങ്ങി സൂക്ഷിക്കുന്ന പ്രവണതയും കണക്കിലെടുത്താണ് കമ്പനിയുടെ നീക്കം. ടയർ 2, 3 വിപണികളിലേക്ക് കൂടുതൽ ടാങ്കറുകളിൽ ഇന്ധനമെത്തിക്കും. ഇതിനായി റിഫൈനറികളും ഡിപ്പോകളും റീട്ടെയ്ൽ ശൃംഖലകളും ഏകോപിച്ച് മുഴുവൻ സമയ നിരീക്ഷണം കാര്യക്ഷമമാക്കിയെന്നും ബിപിസിഎൽ വാർത്താക്കുറിപ്പിൽ അറിയിച്ചു. രാജ്യത്തെ കാർഷിക മേഖലയിൽ വിളവെടുപ്പ് സീസൺ ആയതിനാൽ വർധിക്കുന്ന ഡീസൽ ഉപയോഗവും ഇന്ധനത്തിനായി ഉപഭോക്താക്കൾ പൊതുമേഖലാ പമ്പുകളെ അമിതമായി ആശ്രയിക്കുന്നതുമാണ് വിപണിയിലെ പെട്ടെന്നുള്ള ആവശ്യകതയ്ക്ക് കാരണം.




ഈ സാഹചര്യത്തെ കൃത്യമായി നേരിടാൻ കുറ്റമറ്റ വിതരണ സംവിധാനത്തിലൂടെ സാധിക്കുന്നതായാണ് ബിപിസിഎല്ലിന്റെ വിൽപന കണക്കുകൾ വ്യക്തമാക്കുന്നത്. ഇന്ധന വിതരണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കൂടുതൽ ശക്തമാണ്. മെയ് 1 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ പെട്രോൾ വിതരണം 16.38 ശതമാനത്തിന്റെ അധിക വളർച്ചനേടി.

ഡീസൽ വിൽപനയിൽ 16.69 ശതമാനം വളർച്ചയുമുണ്ട്. ഉപഭോക്താക്കളുടെ ആവശ്യകതയ്ക്ക് അനുസൃതമായ ഇന്ധനം സ്റ്റോക്ക് ഉണ്ടെന്നും മറിച്ചുള്ള വ്യാജപ്രചാരണങ്ങൾ പൊതുജനങ്ങൾ വിശ്വസിക്കരുതെന്നും കമ്പനി അറിയിച്ചു.

രാജ്യത്ത് ഇന്ധനക്ഷാമം രൂക്ഷമാണെന്ന പ്രചാരണത്തെത്തുടർന്ന് പെട്രോളിന്റെയും ഡീസലിന്റെയും പൂഴ്ത്തിവെപ്പ് വർധിച്ച സാഹചര്യത്തിലാണ് ബിപിസിഎൽ വിശദീകരണവുമായി രംഗത്തെത്തിയത്.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **കലാമണ്ഡലം പെർപോമൻസ് ആൻഡ് ഔട്റിച്ച് സെന്റർ :** കലാമണ്ഡലത്തിന്റെ മാസ്റ്റർ ക്ലാസ് പരമ്പരയുടെ ഭാഗമായി നർത്തകി മേതിൽ ദേവികയുടെ മോഹിനിയാട്ടം ശിൽപ്പശാല. രാവിലെ 10ന്.

■ **കണ്ണൻനായർ സ്മാരക സാംസ്കാരിക കേന്ദ്രം :** മഹാകവി ജി ശങ്കരക്കുറുപ്പിനെക്കുറിച്ച് സേതുനാഥിന്റെ പ്രഭാഷണം വൈകിട്ട് 6ന്.

■ **ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** കഥകളി ' കിർമ്മിരവധം ' വൈകിട്ട് 5.30ന്.

### പിറവം

■ **മടപ്പാതുരുത്ത് ഒതുമ്പുംകാട്ട് ഭദ്രകാളി ധർമ്മശാസ്താ ധർമ്മ ദൈവ ക്ഷേത്രം :** പ്രതിഷ്ഠാ ദിനവും സർപ്പപൂജകളും രാവിലെ 5ന്.

■ **ഷട്കാലഗോവിന്ദമാരാർ കലാസമിതി :** കേരളം സംഗീത നാടക അക്കാദമി പുരസ്കാരം നേടിയ നർത്തകി സിത്താര ബാലകൃഷ്ണന്റെ നേതൃത്വത്തിൽ മോഹിനിയാട്ടം ശിൽപശാല രാവിലെ 9.30ന് ഇ.എസ്. സജീവൻ, ആർ. വജ്രകുമാരി എന്നിവർ ക്ലാസുകൾ നയിക്കും.

### പെരുമ്പാവൂർ

■ **മാറംപള്ളി എം.ഇ.എസ് കോളേജ് :** കേരള പ്രിൻസിപ്പൽ കൗൺസിൽ വാർഷിക സമ്മേളനം രാവിലെ 10ന് ബെന്നി ബെഹനാൻ എംപി ഉദ്ഘാടനം ചെയ്യും.

### പോത്താനിക്കാട്

■ **പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ :** വ്യാപാരി വ്യവസായി ഏകോപന സമിതി പൈങ്ങോട്ടൂർ യൂണിറ്റ് വാർഷിക പൊതുയോഗവും ഭരണ സമിതി തിരഞ്ഞെടുപ്പും രാവിലെ 10ന്.

# മിസ് യൂണിവേഴ്സ് കേരള സൗന്ദര്യമത്സരത്തിന് കൊച്ചിയിൽ തുടക്കമായി

**കൊച്ചി:** ക്വീൻ ഫ്രെയിം സ്റ്റുഡിയോസ് സംഘടിപ്പിക്കുന്ന മിസ് യൂണിവേഴ്സ് കേരള സൗന്ദര്യമത്സരത്തിന് കൊച്ചിയിൽ തുടക്കമായി. മിസ് യൂണിവേഴ്സ് ഇന്ത്യ വേദിയിലേക്കുള്ള കേരളത്തിന്റെ ഔദ്യോഗിക എൻട്രിയാണ് ഈ മത്സരം. ഇതിലെ വിജയിയാകും പിന്നീട് നടക്കുന്ന മിസ് യൂണിവേഴ്സ് ഇന്ത്യ മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുക. ഗ്ലാമാനന്ദ് എന്റർടൈൻമെന്റ് പ്രൈവറ്റ് ലിമിറ്റഡ് ആണ് ദേശീയ തലത്തിലുള്ള മത്സരം സംഘടിപ്പിക്കുന്നത്. 23 മത്സരാർത്ഥികളാണ് വേദിയിൽ കിരീടത്തിനായി മാറ്റുരയ്ക്കുന്നത്. വിവിധ മേഖലകളിലെ പ്രമുഖ ബ്രാൻഡുകളാണ് ഈ പ്രമുഖ സൗന്ദര്യമത്സരത്തിൽ പങ്കാളികളാകുന്നത്. ബീനാ കണ്ണൻ കൊറ്റിയൂർ ആണ് പരിപാടിയുടെ ടൈറ്റിൽ സ്പോൺസർ. പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ഫ്രാൻസിസ് ആലുക്കാസ് ആണ് മത്സരത്തിന്റെ പവർഡ് ബൈ പാർട്ണർ. ഹോസ്പിറ്റാലിറ്റി പാർട്ണറായി ഗ്രാൻഡ് ഹയാത്തും , ഓട്ടോമോട്ടീവ് പാർട്ണറായി എംജി സെലക്ടും, ബാങ്കിംഗ് പാർട്ണറായി ആക്സിസ് ബാങ്കും മത്സരത്തിന്റെ ഭാഗമാകുന്നു. ഇതിനുപുറമെ ദെയർഫോർ ഐ ആം (സ്കിൻ കെയർ പാർട്ണർ), മറിയാസ് ഹെർബൽ (ഹെയർ ഓയിൽ പാർട്ണർ), ഡോ. ജിജിസ് ക്ലിനിക്ക് (വിമൻസ് ഹെൽത്ത് പാർട്ണർ), ഹാപ്പൻ സ്റ്റൻസ് (ഫുട്ട്‌വെയർ പാർട്ണർ) എന്നിവരാണ് പരിപാടിയുടെ മറ്റ് പ്രധാന സ്പോൺസർമാരും പാർട്ണർമാരും. 25 ന് കൊച്ചി ശീമാട്ടിയിലെ ബീന കണ്ണൻ കൊറ്റിയൂറിൽ സെമിഫൈനൽ അരങ്ങേറും. ശീമാട്ടി സി.ഇ.ഒയും ലീഡ് ഫാഷൻ ഡിസൈനറുമായ ബീനാ കണ്ണൻ, മിസ് യൂണിവേഴ്സ് ഇന്ത്യ 2025 വിജയി മണിക വിശ്വകർമ്മ, മിസ് യൂണിവേഴ്സ് ഇന്ത്യ ചെയർമാൻ നിഖിൽ ആനന്ദ് എന്നിവരാണ് സെമിഫൈനൽ മത്സരത്തിലെ വിധികർത്താക്കളായി എത്തുന്നത്. വിജയികൾ 26ന് നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ റാംപിലെത്തും. മിസ് ഇന്റർനാഷണൽ ഇന്ത്യ റൂഷ് സിന്ധു, മിസ് യൂണിവേഴ്സ് ഇന്ത്യ ചെയർമാൻ നിഖിൽ ആനന്ദ്, ഡയറക്ടർ ഓഫ് ഫ്രാഞ്ചയ്സ് ഓപ്പറേഷൻസ് അംജാദ് ഖാൻ, മുൻ മിസ് യൂണിവേഴ്സ് കേരള ഐശ്വര്യ ശ്രീനിവാസൻ എന്നിവരടങ്ങുന്ന പാനലായിരിക്കും ഈ വർഷത്തെ മിസ് യൂണിവേഴ്സ് കേരളയെ തിരഞ്ഞെടുക്കുക.അർച്ചന രവിയാണ് മിസ് യൂണിവേഴ്സ് കേരളയുടെ ഡയറക്ടർ. കൊറിയോഗ്രാഫർ ഷാം ഖാൻ ആണ് പരിപാടിയുടെ ഷോ ഡയറക്ടറും കൊറിയോഗ്രാഫറും. ഗ്രാൻഡ് ഫിനാലെയിൽ സെലിബ്രിറ്റികൾ, ഇൻഫ്ലുവൻസർമാർ, മറ്റു പ്രമുഖർ തുടങ്ങി 350 മുതൽ 400 വരെ ക്ഷണിക്കപ്പെട്ട അതിഥികൾ പങ്കെടുക്കും.

# പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരം: നോമിനേഷനുകൾ ക്ഷണിച്ചു

**ന്യൂഡൽഹി:** രാജ്യത്തുടനീളമുള്ള കുട്ടികളുടെ അസാധാരണ നേട്ടങ്ങളെ അംഗീകരിക്കുന്നതിനായി വർഷം തോറും നൽകുന്ന 'പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരത്തിന്' കേന്ദ്ര സർക്കാർ നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. ധീരത, കായികം, സാമൂഹിക സേവനം, ശാസ്ത്ര സാങ്കേതിക വിദ്യ, പരിസ്ഥിതി, കലാസംസ്കാരം എന്നീ മേഖലകളിൽ ദേശീയ തലത്തിൽ അംഗീകാരം അർഹിക്കുന്ന കുട്ടികൾക്കാണ് അവാർഡുകൾ നൽകുന്നത്. 2026 ജൂലൈ 31ന്, 5 വയസ്സിന് മുകളിലുള്ളതും 18 വയസ്സ് കവിയാത്തതുമായ, ഇന്ത്യൻ പൗരനും ഇന്ത്യയിൽ താമസിക്കുന്നതുമായ ഏതൊരു കുട്ടിക്കും അവാർഡിന് അർഹതയുണ്ട്. നാഷണൽ അവാർഡ് പോർട്ടൽ വഴി മാത്രമേ നാമനിർദ്ദേശങ്ങൾ സ്വീകരിക്കുകയുള്ളൂ. അർഹരായ കുട്ടികൾക്ക് സ്വയം നോമിനേഷൻ സമർപ്പിക്കാവുന്നതാണ്. കൂടാതെ, മറ്റേതൊരു പൗരനും യോഗ്യരായ കുട്ടികളെ പുരസ്കാരത്തിനായി ശുപാർശ ചെയ്യാനും അവസരമുണ്ട്. ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2026 ജൂലൈ 31 ആണ്. പുരസ്കാരത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി നാഷണൽ അവാർഡ് പോർട്ടൽ (https://awards.gov.in) സന്ദർശിക്കുക.

# പൊതുവിദ്യാഭ്യാസ ഡയറക്ടർ വ്യാജ ഐ.എ.എസുകാരൻ: ഉടൻ പുറത്താക്കണമെന്ന് വി.എച്ച്.പി.

**കൊച്ചി:** വ്യാജരേഖ ചമച്ചു ഐ.എ.എസ് നേടിയ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ഉടൻ പുറത്താക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. 2015 ലെ കേരള കേഡർ ഐ.എ.എസ് ഉദ്യോഗസ്ഥനായ ആസിഫ് കെ. യൂസഫ് വ്യാജ ഐ.എ.എസുകാരനാണെന്നും, കഴിഞ്ഞ 10 വർഷമായി പ്രൊബേഷൻ പോലും പൂർത്തിയാക്കാൻ കഴിയാത്ത ഇയാളെയാണ് മുസ്ലീംലീഗിന്റെ താൽപര്യപ്രകാരം വി.ഡി.സതീശൻ സർക്കാർ ആദ്യ കാബിനറ്റിൽ തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടറാക്കാൻ തീരുമാനിച്ചത്. വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന മുസ്ലിം ലീഗിന്റെ അഴിമതി താല്പര്യങ്ങൾക്ക് കൂട്ടുനിൽക്കാൻ വേണ്ടിയാണ് ഈ തന്ത്രപ്രധാന പദവി ഒരൊറ്റ രാത്രികൊണ്ട് ഈ വ്യക്തിക്ക് നൽകിയതെന്നും, കള്ളനെ കാവൽ ഏൽപ്പിക്കുന്നതിന് തുല്യമാണിതെന്നും അദ്ദേഹം ആരോപിച്ചു. പ്രമുഖ വസ്ത്രവ്യാപാര ശൃംഖലയായ 'സിറ്റി സിൽക്സ്' ഉടമ കെ.കെ യൂസഫിന്റെ മകനും ആ സ്ഥാപനത്തിലെ പങ്കാളിയുമായ ആസിഫ് യൂസഫിന്റെയും കുടുംബത്തിന്റെയും സ്വത്തുക്കൾ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ കണക്കനുസരിച്ച് 73,73,84,640 രൂപയാണ് (73 കോടിയിലധികം). ഭീമമായ ലാഭമുള്ള ഈ സ്ഥാപനത്തിന്റെ പാർട്ണർ കൂടിയായിരുന്നിട്ടും, സിവിൽ സർവീസിന് അപേക്ഷിച്ച സമയത്ത് താൻ ഒബിസി നോൺക്രീമിലെയർ വിഭാഗക്കാരനാണെന്നും തന്റെ കുടുംബത്തിന്റെ വാർഷിക വരുമാനം വെറും 1,80,000 രൂപയിൽ താഴെയാണെന്നും ഇൻകംടാക്സ് അടയ്ക്കുന്നില്ലെന്നുമാണ് ഇയാൾ അവകാശപ്പെട്ടിരുന്നത്. അന്നത്തെ കണയന്നൂർ തഹസിൽദാരെ സ്വാധീനിച്ചുണ്ടാക്കിയ വ്യാജ വരുമാന, നോൺക്രീമിലെയർ സർട്ടിഫിക്കറ്റുകളാണ് ഇയാൾ കേന്ദ്ര സർക്കാരിൽ ഹാജരാക്കിയത്. ഈ വഞ്ചന ബോധ്യപ്പെട്ടതിനെ തുടർന്ന് അന്നത്തെ കേരള ചീഫ് സെക്രട്ടറിമാരായിരുന്ന ടോം ജോസ്, വിശ്വാസ് മേത്ത എന്നിവർ കേന്ദ്രത്തിന് അയച്ച അന്വേഷണ റിപ്പോർട്ടിൽ ആസിഫ് യൂസഫ് ഒബിസി നോൺക്രീമിലെയർ വിഭാഗത്തിന് അർഹനല്ലെന്നും സർട്ടിഫിക്കറ്റ് വ്യാജമാണെന്നും വ്യക്തമാക്കുകയും സർക്കാർ ഇത് റദ്ദാക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇയാളുടെ ഐ.എ.എസും റദ്ദായിട്ടുള്ളതാണെന്ന് അഡ്വ. അനിൽ വിളയിൽ വ്യക്തമാക്കി.

ഈ നടപടിക്കെതിരെ ആസിഫ് യൂസഫ് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടെങ്കിലും, കഴിഞ്ഞ നാല് വർഷമായി സർക്കാരിന്റെ ഇരട്ടത്താപ്പും ഒത്തുകളിയും മൂലം 40 തവണയാണ് കേസ് അവധിക്ക് വെച്ച് നീട്ടിക്കൊണ്ടുപോകുന്നത്. പ്രഗത്ഭരായ ഐ.എ.എസ് ഉദ്യോഗസ്ഥർ വഹിച്ചിരുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടർ പദവിയിലേക്ക്, പ്രൊബേഷൻ പോലും പൂർത്തിയാക്കാത്ത ഒരാളെ മുസ്ലിം ലീഗിന്റെ താല്പര്യപ്രകാരം തിരുകിക്കയറ്റിയത് അഴിമതി സുഗമമാക്കാനാണ്. ഏറ്റവും കൂടുതൽ നിയമപരമായ അപ്പീലുകൾ കൈകാര്യം ചെയ്യുന്ന സ്ഥാപനമാണ് വിദ്യാഭ്യാസ വകുപ്പ് എന്നതിലാൽ, വഞ്ചന നടത്തി പദവിയിലിരിക്കുന്ന വ്യക്തിയിൽ നിന്ന് എങ്ങനെ നീതിപൂർവ്വമായ തീരുമാനം പ്രതീക്ഷിക്കാനാകും. സർക്കാർ ഈ തീരുമാനം പുനഃപരിശോധിച്ചില്ലെങ്കിൽ ശക്തമായ നിയമനടപടികളുമായി വിഎച്ച്പി കോടതിയെ സമീപിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.



*പൊതുവിദ്യാഭ്യാസ ഡയറക്ടറായി സർക്കാർ നിയമിച്ചിരിക്കുന്ന വ്യാജ ഐ.എ.എസ് ഉദ്യോഗസ്ഥൻ ആസിഫ് കെ. യൂസഫിന്റെ നിയമനം റദ്ദാക്കണമെന്നാവശ്യപ്പെട്ട് വി.എച്ച്.പി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ എറണാകുളത്തെ വിഎച്ച്പി ആസ്ഥാനത്ത് വാർത്താ സമ്മേളനം നടത്തിയപ്പോൾ. വി.എച്ച്.പി സംസ്ഥാന ട്രഷറർ വി. ശ്രീകുമാർ സമീപം.*

കുംഭമേളയിലെ വൈറൽ പെൺകുട്ടിയുടെ വിവാഹവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് തന്റെ മുൻ നിലപാടിൽ മാറ്റമില്ലെന്ന് അഡ്വ. അനിൽ വിളയിൽ ഉറപ്പിച്ചു പറഞ്ഞു. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വ്യാജരേഖകൾ ഹാജരാക്കി ആസൂത്രിതമായിട്ടാണ് വിവാഹം കഴിപ്പിച്ചിരിക്കുന്നത്. താനുൾപ്പെടെയുള്ള അഞ്ചുപേരെ പ്രതികളാക്കി കേരള പോലീസ് തയ്യാറാക്കിയിരിക്കുന്ന എഫ്.ഐ.ആറിലെ വിവരങ്ങൾ പോലും വലിയ അബദ്ധങ്ങളും അടിസ്ഥാനരഹിതവുമാണെന്നും അദ്ദേഹം വ്യക്തമാക്കി. വാർത്താ സമ്മേളനത്തിൽ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ട്രഷറർ വി. ശ്രീകുമാറും പങ്കെടുത്തു.

# എബോള വൈറസ്: കൊച്ചി വിമാനത്താവളത്തിൽ മുൻകരുതൽ നടപടികൾ ശക്തമാക്കി

**കൊച്ചി:** എബോള വൈറസ് വ്യാപനവുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി, സിയാൽ, എയർപോർട്ട് ഹെൽത്ത് ഓർഗനൈസേഷൻ എന്നിവയുടെ നേതൃത്വത്തിൽ കൊച്ചി വിമാനത്താവളത്തിൽ അടിയന്തിര യോഗം ചേർന്നു. രോഗലക്ഷണങ്ങൾ കണ്ടെത്തുന്നതിനുള്ള നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്താൻ യോഗത്തിൽ തീരുമാനമായി.

വിമാനത്താവളത്തിൽ 24 മണിക്കൂറും സർവൈലൻസ് സംവിധാനം സജ്ജീകരിക്കും. തെർമൽ സ്ക്രീനിംഗ്, വിഷ്വൽ ഇൻസ്പെക്ഷൻ, 21 ദിവസത്തെ ട്രാവൽ ഹിസ്റ്ററി പരിശോധന എന്നിവ ഏർപ്പെടുത്തും. അന്താരാഷ്ട്ര യാത്രക്കാർ ഇമിഗ്രേഷൻ വിഭാഗത്തിന് സെൽഫ് ഡിക്ലറേഷൻ ഫോം സമർപ്പിക്കണമെന്നും നിർദേശമുണ്ട്.

സിയാൽ എയർപോർട്ട് ഡയറക്ടർ മനു ജി, എയർപോർട്ട് ഹെൽത്ത് ഓഫീസർ ഡോ. റാഫേൽ ടെഡി, സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ആയിഷ മാനിക കെ. എ., സിഐഎസ്എഫ്, ഇമിഗ്രേഷൻ, എയർലൈൻസ്, എയർപോർട്ട് അതോറിറ്റി, സിയാൽ ജീവനക്കാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. APHO പബ്ലിക് ഹെൽത്ത് സ്പെഷ്യലിസ്റ്റ് ഡോ. അന്ന എബോള വൈറസ് വ്യാപനവുമായി ബന്ധപ്പെട്ട മുൻകരുതൽ പദ്ധതി അവതരിപ്പിച്ചു.

റിപ്പോർട്ട് ചെയ്തിട്ടുള്ള എബോള വൈറസിന്റെ അഞ്ച് സ്പീഷിസുകളിൽ ബുണ്ടിബുഗ്യോ എബോള വൈറസ് (BDBV) വകഭേദത്തിന് ഇതുവരെ ഫലപ്രദമായ വാക്സിനോ പ്രത്യേക ചികിത്സയോ ലഭ്യമല്ലെന്ന് യോഗത്തിൽ ചൂണ്ടിക്കാട്ടി. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കും തുടർന്ന് മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കും ശരീര ദ്രവങ്ങളിലൂടെ രോഗം പകരാൻ സാധ്യതയുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

രോഗബാധയ്ക്ക് ശേഷം 2 മുതൽ 21 ദിവസം വരെയാണ് ഇൻക്യുബേഷൻ കാലയളവ്. പനി, തൊണ്ടവേദന, തലവേദന എന്നിവ ഉൾപ്പെടെയുള്ള ഫ്ലൂ സമാന ലക്ഷണങ്ങളാണ് തുടക്കത്തിൽ കാണപ്പെടുന്നത്. രോഗത്തിന്റെ മരണനിരക്ക് 30 മുതൽ 50 ശതമാനം വരെയാണെന്നും യോഗത്തിൽ വിശദീകരിച്ചു. ലോകാരോഗ്യ സംഘടന (WHO) എബോള വ്യാപനത്തെ ആഗോള ആരോഗ്യ അടിയന്തരാവസ്ഥയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ കോംഗോ, ഉഗാ, സൗത്ത് സുഡാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് എത്തുന്ന യാത്രക്കാരെ പ്രത്യേക നിരീക്ഷണ വിധേയരാക്കും.

എറണാകുളം ജനറൽ ആശുപത്രി, കളമശ്ശേരി സർക്കാർ ആശുപത്രി, ആലുവ ജില്ലാ ആശുപത്രി എന്നിവിടങ്ങളിലാണ് ഐസൊലേഷൻ വാർഡുകൾ നിലവിലുള്ളത്. ത്രി-ലെയർ മാസ്ക് ഉപയോഗം, സോപ്പ് ഉപയോഗിച്ചുള്ള കൈ കഴുകൽ ഉൾപ്പെടെയുള്ള വ്യക്തിഗത സുരക്ഷാ നടപടികൾ കർശനമായി പാലിക്കാനും യോഗം നിർദേശിച്ചു.

# സപ്ലൈകോയുടെ ബക്രീദ് പ്രത്യേക കിറ്റ് 26 വരെ

**കൊച്ചി:** വലിയ പെരുന്നാളിന് പൊതുജനങ്ങൾക്ക് അവശ്യ വസ്തുക്കളും സബ്സിഡി സാധനങ്ങളും ഉറപ്പാക്കി സപ്ലൈകോ.

പെരുന്നാളിനോട് അനുബന്ധിച്ച് പത്തിനം സാധനങ്ങൾ അടങ്ങിയ ബക്രീദ് സ്പെഷ്യൽ കിറ്റും സപ്ലൈകോ ഒരുക്കിയിട്ടുണ്ട്. സപ്ലൈകോ വില്പനശാലകളിൽ മെയ് 26 വരെയാണ് കിറ്റ് ലഭ്യമാവുക. 1101 രൂപയുടെ ഭക്ഷ്യ സാധനങ്ങൾ ആണ് 850 രൂപയ്ക്ക് പ്രത്യേക കിറ്റായി നൽകുന്നത്.

മൂന്ന് കിലോഗ്രാം ബിരിയാണി അരി, ഒരു കിലോ പഞ്ചസാര, ഒരു ലിറ്റർ ശബരി വെളിച്ചെണ്ണ, ഒരു കിലോ ശബരി അപ്പം പൊടി, ശബരി ബ്രാൻഡിലുള്ള 250 ഗ്രാം ഗോൾഡ് ചായപ്പൊടി, 100 ഗ്രാം മീറ്റ് മസാല, 50 ഗ്രാം ഗരം മസാല, 100 ഗ്രാം ചിക്കൻ മസാല, 100 ഗ്രാം കുരുമുളകുപൊടി എന്നിവ അടങ്ങിയതാണ് കിറ്റ്.

ഏലക്കായ, ഗ്രാമ്പൂ എന്നിവ ഉൾപ്പെടുന്ന 50 ഗ്രാം മസാലക്കൂട്ടും കിറ്റിൽ ഉണ്ട്.

# ലോക ടെലികോം ദിനം: ബി.എസ്.എൻ.എൽ കോൺക്ലേവ് സംഘടിപ്പിച്ചു




**കൊച്ചി:** ബി.എസ്.എൻ.എൽ എന്റർ പ്രൈസ് ബിസിനസ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ അത്യാധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള കോൺക്ലേവ് സംഘടിപ്പിച്ചു. ഇൻഫോപാർക്ക് സി.ഇ.ഓ സുശാന്ത് കുറുന്തിൽ ഉദ്ഘാടനം ചെയ്തു. ടെലികോം വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ ബെന്നി ചിന്നപ്പൻ ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. ബി.എസ്.എൻ.എൽ എന്റർ പ്രൈസ് ബിസിനസ്സ് സൊല്യൂഷനുകളെക്കുറിച്ച് പി.ജി.എം നിർമൽ പി.ജി വിശദീകരിച്ചു.

ബി.എസ്.എൻ.എൽ എറണാകുളം പ്രിൻസിപ്പൽ ജനറൽ മാനേജർ ഡോ. കെ. ഫ്രാൻസിസ് ജേക്കബ് ചടങ്ങിൽ സംസാരിച്ചു. കോൺക്ലേവിൽ സൈബർ സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, 5ജി സീ എൻ പി എൻ , ഐ.ഒ.ടി, കൽഡ് ടെലിഫോണി എന്നിവയെക്കുറിച്ച് സെമിനാറിൽ വിവിധ പാനൽ ചർച്ചകൾ നടന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് ടെലികോം , കേരള പോലിസ് സൈബർഡോം, ഫെഡറൽ ബാങ്ക്, കൊച്ചിൻ ഷിപ്പ്യാർഡ്, ബി.പി.സി.എൽ, കൊച്ചിൻ എയർപോർട്ട് ലിമിറ്റഡ്, സിഡാക്ക് , ലേക്ഷോർ ഹോസ്പിറ്റൽ തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രമുഖ ഉദ്യോഗസ്ഥർ വിവിധ ചർച്ചകളിൽ പങ്കെടുത്തു. കോൺക്ലേവിൽ സൗത്ത് ഇന്ത്യൻ ബാങ്ക്, മുത്തൂറ്റ്, രാജഗിരി ഹോസ്പിറ്റൽ, ധനലക്ഷ്മി ബാങ്ക്, അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ, സിന്തൈറ്റ് , മെഡിക്കൽ ട്രസ്റ്റ്, സ്മിത ഹോസ്പിറ്റൽ, പ്രുഡന്റ് ടെക്നോളജീസ് തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളും ബി എസ് എൻ എൽ വിവിധ ജില്ലാ മേധാവികളും മറ്റു ഉദ്യോഗസ്ഥരും പങ്കെടുത്തു. ബി.എസ്.എൻ.എൽ കേരള സർക്കിൾ സി.ജി.എം.ടി സജി കുമാർ ആർ ചടങ്ങിൽ സമാപന പ്രസംഗം നിർവ്വഹിച്ചു. ചടങ്ങിൽ എറണാകുളം ബി എസ് എൻ എൽ ജനറൽ മാനേജർ രാജീവ് എസ് കെ നന്ദി രേഖപ്പെടുത്തി.

# ട്രിപ്പ്ലെറ്റുകളുടെ അപൂർവ സംഗമം 24ന് കൊച്ചിയിൽ

**കൊച്ചി:** എടപ്പാൾ ഹോസ്പിറ്റലിൽ ജനിച്ച നൂറോളം ട്രിപ്പ്ലെറ്റുകളുടെ (ഒരു പ്രസവത്തിൽ മൂന്ന് കുട്ടികൾ) അപൂർവ സംഗമത്തിന് 24ന് കൊച്ചി വേദിയാകും. എടപ്പാൾ ഹോസ്പിറ്റലിൽ ഇതുവരെ നടന്ന ഒരു ലക്ഷത്തി ഇരുപതിനായിരം പ്രസവങ്ങളിൽ നിന്നായി ജനിച്ച മുന്നൂറോളം ട്രിപ്പ്ലെറ്റുകളിൽ നിന്നുള്ള പ്രതിനിധികളാണ് ഒത്തുചേരുന്നത്. ലോക ചരിത്രത്തിൽ ഇതാദ്യമായാണ് ഇത്തരമൊരു സംഗമം അരങ്ങേറുന്നത്.

കൊച്ചി ഹോട്ടൽ ഹയാത്തിൽ നടക്കുന്ന ഈ ഒത്തുചേരലിന് ഏഷ്യാ ബുക്ക് ഓഫ് റെക്കോർഡ്സ്, ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സ് അധികൃതരും സാക്ഷ്യം വഹിക്കുമെന്ന് ആശുപത്രി മാനേജ്മെന്റ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. സാധാരണയായി ആറായിരം പ്രസവങ്ങളിൽ ഒരു ട്രിപ്പ്ലെറ്റ് ജനിക്കുമെന്നാണ് പഠനങ്ങൾ രേഖപ്പെടുത്തുന്നത്. ഈ കണക്കനുസരിച്ച് ഒരു ലക്ഷത്തി ഇരുപതിനായിരം പ്രസവങ്ങളിൽ പരമാവധി ഇരുപത് ട്രിപ്പ്ലെറ്റുകൾ ജനിക്കേണ്ട സ്ഥാനത്താണ് എടപ്പാൾ ഹോസ്പിറ്റലിൽ മുന്നൂറോളം ട്രിപ്പ്ലെറ്റുകളും മൂവായിരത്തിലധികം ഇരട്ടക്കുട്ടികളും ജനിച്ചത്. ലോകത്തെവിടെയും മറ്റൊരു ആശുപത്രിയിലും ഇത്രയധികം ട്രിപ്പ്ലെറ്റുകൾ ജനിച്ചതായുള്ള രേഖകൾ ലഭ്യമല്ലെന്ന് ആശുപത്രി ഡയറക്ടറും സിഇഒയുമായ ഗോകുൽ ഗോപിനാഥ്, മെഡിക്കൽ ഡയറക്ടർ ഡോ. പരശുരാം ഗോപിനാഥ്, ഗ്രൂപ്പ് മാനേജർ ആത്മജൻ പള്ളിപ്പാട് എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സൈമറിന്റെ മുപ്പതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ട്രിപ്പ്ലെറ്റുകളെ നേരിട്ട് കാണണമെന്ന ഹോസ്പിറ്റൽ ചെയർമാൻ ഡോ. കെ.കെ. ഗോപിനാഥന്റെ ആഗ്രഹമാണ് ചരിത്ര സംഗമത്തിന് വഴിയൊരുക്കിയത്. 1990 മുതൽ 2026 വരെയുള്ള കാലയളവിൽ ജനിച്ച ട്രിപ്പ്ലെറ്റുകളുടെ രേഖകൾ പരിശോധിച്ച് ലഭ്യമായവരെ അദ്ദേഹം നേരിട്ട് വിളിക്കുകയായിരുന്നു. ഇതിന്റെ ഫലമായാണ് നൂറോളം ട്രിപ്പ്ലെറ്റുകൾ സംഗമത്തിൽ പങ്കെടുക്കാൻ സന്നദ്ധത അറിയിച്ചതെന്നും സംഘാടകർ അറിയിച്ചു.

# കൊച്ചി മെട്രോ രണ്ടാംഘട്ട നിർമ്മാണം: ഇരുമ്പ് കഷണം കാറിൽ വീണ് യുവതിക്ക് പരിക്കേറ്റതിൽ ഉന്നതതല അന്വേഷണം

**കൊച്ചി:** കാക്കനാട് ഇൻഫോപാർക്കിലേക്കുള്ള രണ്ടാം ഘട്ട മെട്രോ പണി നടക്കുന്ന പാടിവട്ടത്ത് ഇരുമ്പ് കഷണം കാറിൽ വീണ് യുവതിയുടെ കൈക്ക് പരിക്കേൽക്കാനിടയാക്കിയ സംഭവത്തെക്കുറിച്ച് വിശദമായ ഉന്നതതല അന്വേഷണം നടത്തി സുരക്ഷാ സംവിധാനം കൂടുതൽ ശക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് അറിയിച്ചു.

കരാർ കമ്പനിയായ അഫ്കോൺസ് ഇൻഫ്രാസ്ട്രക്ചറിനെതിരെ കർശന നടപടി സ്വീകരിക്കുമെന്നും പരിക്ക് പറ്റിയ യുവതിക്ക് ആവശ്യമായ എല്ലാ സഹായങ്ങളും പിന്തുണയും നഷ്ടപരിഹാരവും നൽകാൻ നിർദേശം നൽകിയതായും കൊച്ചി മെട്രോ അറിയിച്ചു. കോൺട്രാക്ടർ കമ്പനിക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മെമ്മോയും ഇഷ്യൂ ചെയ്തു.


ചൊവ്വാഴ്ച രാത്രി ഡെക്ക് സ്ലാബിന്റെ ഡീഷട്ടറിംഗിനിടയിലാണ് ഇരുമ്പ് കഷണം കാറിൽ പതിച്ചത്. ഇതേത്തുടർന്ന് ഈ ജോലികൾ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവയ്ക്കാൻ കരാർ കമ്പനിക്ക് നിർദേശം നൽകിയെന്നും ഗതാഗതം വഴിതിരിച്ചു വിട്ടശേഷവും അവശ്യമായ സുരക്ഷാ നടപടികൾ ഏർപ്പെടുത്തിയതിനുശേഷവും മാത്രമേ ഈ ജോലികൾ പുനരാരംഭിക്കുകയുള്ളു എന്നും കൊച്ചി മെട്രോ വ്യക്തമാക്കി.

# കോമൺവെൽത്ത് ഗെയിംസ് ദിനാചരണം: രാജ്യവ്യാപകമായി 24 ന് 'സൈക്കിൾ ഇന്ത്യ' സൈക്ലത്തോൺ

**ന്യൂഡൽഹി:** കായികക്ഷമതയുടെയും കായികസംസ്കാരത്തിന്റെയും സന്ദേശം വിളിച്ചോതിക്കൊണ്ട് മെയ് 24ന് രാജ്യവ്യാപകമായി 'സൈക്കിൾ ഇന്ത്യ' സൈക്ലത്തോൺ സംഘടിപ്പിക്കുന്നു. 'ഫിറ്റ് ഇന്ത്യ സൺഡേയ്സ്' പദ്ധതിയുടെ 75ാം പതിപ്പാണ് അന്ന് അരങ്ങേറുന്നത്. കോമൺവെൽത്ത് ഗെയിംസ് ദിനത്തോടനുബന്ധിച്ച് നടത്തുന്ന ബൃഹത്തായ കായിക സംഗമം, രാജ്യത്തുടനീളമുള്ള എണ്ണായിരത്തിലധികം കേന്ദ്രങ്ങളിലാണ് ഒരേ സമയം നടക്കുക.കോമൺവെൽത്ത് ഗെയിംസ് ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ പതിപ്പ്, ഇന്ത്യയുടെ കായിക ഭാവിക്കും 2030ൽ അഹമ്മദാബാദിൽ നടക്കാനിരിക്കുന്ന കോമൺവെൽത്ത് ഗെയിംസിനുമുള്ള രാജ്യത്തിന്റെ ആദരവായി മാറും. ഗെയിംസിന്റെ മുഖ്യ വേദിയാകുന്ന അഹമ്മദാബാദിലെ സബർമതി നദീതീരത്ത് നടക്കുന്ന ചടങ്ങുകൾക്ക് കേന്ദ്ര കായികയുവജന കാര്യ, തൊഴിൽ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ നേതൃത്വം നൽകും. ഗുജറാത്ത് ഉപമുഖ്യമന്ത്രി ഹർഷ സംഘ്വിയും ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. 'ആരോഗ്യമുള്ള ഇന്ത്യയ്ക്കൊരു പുതിയ പ്രതീകം-2030ലേക്ക് ചവിട്ടിക്കയറാം' എന്ന പ്രമേയത്തിലാണ് അഹമ്മദാബാദിലെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. സൈക്ലത്തോണിൽ ആയിരക്കണക്കിന് സൈക്കിൾ യാത്രക്കാർ, കായികതാരങ്ങൾ, യുവജന സന്നദ്ധപ്രവർത്തകർ, ഫിറ്റ്നസ് പ്രേമികൾ എന്നിവർ അണിനിരക്കുമെന്ന് അധികൃതർ അറിയിച്ചു. സി.ഡബ്ല്യു.ജി ബിഡ് ഇന്ത്യ സ്വന്തമാക്കിയതിന്റെ സന്തോഷം പങ്കുവെക്കാനും അതിനായുള്ള ഒരുക്കങ്ങൾ ആരംഭിക്കാനും വേണ്ടിയാണ് സൈക്ലത്തോൺ നടത്തുന്നതെന്ന് കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു. നടൻ ആയുഷ്മാൻ ഖുറാന അഹമ്മദാബാദിലെ ആഘോഷങ്ങൾക്ക് താരപ്പൊലിമയേകും. ഹോക്കി താരങ്ങളായ രജനി ഇട്ടിമർപു, ഗുർജിത് കൗർ, സോണിക ടാണ്ടി, ഷൂട്ടർമാരായ അങ്കുർ മിത്തൽ, അഞ്ജും മൗദ്ഗിൽ, ബാഡ്മിന്റൺ താരം തൃപ്തി മുർഗുണ്ടെ തുടങ്ങിയ കോമൺവെൽത്ത് ഒളിമ്പിക് മെഡൽ ജേതാക്കളും അദ്ദേഹത്തോടൊപ്പം പങ്കെടുക്കും. കേന്ദ്രസംസ്ഥാന മന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ, മറ്റ് ജനപ്രതിനിധികൾ എന്നിവരും അതത് പ്രദേശങ്ങളിൽ നടക്കുന്ന പരിപാടികളിൽ പങ്കാളികളാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് കായികരംഗത്തെ ജനപങ്കാളിത്തത്തിന് കൂടുതൽ ശക്തി പകരുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. 'സൺഡേയ്സ് ഓൺ സൈക്കിൾ' കൂട്ടായ്മയുടെ അഖിലേന്ത്യാ സ്വഭാവം നിലനിർത്തിക്കൊണ്ട്, രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും കോമൺവെൽത്ത് ഗെയിംസ് പ്രമേയമാക്കിയുള്ള ആഘോഷങ്ങൾ അരങ്ങേറും. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (SAI) പ്രാദേശിക കേന്ദ്രങ്ങൾ, നാഷണൽ സെന്റർ ഓഫ് എക്സലൻസ്, ഖേലോ ഇന്ത്യ കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ രാജ്യത്തുടനീളമുള്ള വിവിധയിടങ്ങളിൽ ഇന്ത്യയുടെ കോമൺവെൽത്ത് ഗെയിംസ് പ്രയാണത്തെ അനുസ്മരിച്ചുകൊണ്ട് പ്രത്യേക റൈഡുകളും പരിപാടികളും സംഘടിപ്പിക്കും.

മുൻ കോമൺവെൽത്ത് ഗെയിംസ് ചാമ്പ്യന്മാരും ഒളിമ്പ്യന്മാരും പ്രമുഖ കായികതാരങ്ങളും അതത് നഗരങ്ങളിൽ പൊതുജനങ്ങൾക്കൊപ്പം അണിനിരക്കും. സ്റ്റേഡിയങ്ങളിൽ ഒതുങ്ങിനിൽക്കുന്ന കോമൺവെൽത്ത് കായികവീര്യത്തെ തെരുവുകളിലേക്കും സാധാരണക്കാരിലേക്കും എത്തിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

# ആഭ്യന്തര ക്രിക്കറ്റ് സീസൺ തുടങ്ങുന്നു; കലണ്ടർ പ്രഖ്യാപിച്ച് ബിസിസിഐ




**മുംബൈ:** ഇന്ത്യൻ ആഭ്യന്തര ക്രിക്കറ്റ് സീസൺ 2026-27 ലെ മത്സരക്രമം ബിസിസിഐ പ്രഖ്യാപിച്ചു. പുരുഷ, വനിതാ വിഭാഗങ്ങളിലായി വിവിധ പ്രായപരിധികളിലും ഫോർമാറ്റുകളിലുമായി ആകെ 1,788 മത്സരങ്ങളാണ് ഈ സീസണിൽ അരങ്ങേറുന്നത്. പുരുഷന്മാരുടെ വിഭാഗത്തിൽ സീനിയർ, അണ്ടർ23, അണ്ടർ19, അണ്ടർ16 ടൂർണമെന്റുകളും, വനിതാ വിഭാഗത്തിൽ സീനിയർ, അണ്ടർ23, അണ്ടർ19, അണ്ടർ15 തലങ്ങളിലുള്ള വിപുലമായ മത്സരങ്ങളും ഉൾപ്പെടുന്നതാണ് പുതിയ സീസൺ കലണ്ടർ. രാജ്യത്തെ ആഭ്യന്തര ക്രിക്കറ്റിന്റെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ തയാറാക്കിയ മത്സരക്രമം ഓഗസ്റ്റ് 23ന് ആരംഭിക്കുന്ന ദുലീപ് ട്രോഫിയോടെയാണ് തുടക്കമാകുന്നത്. ആറ് സോണൽ ടീമുകൾ മാറ്റുരയ്ക്കുന്ന ദുലീപ് ട്രോഫിക്ക് ശേഷം ഒക്ടോബർ ഒന്നു മുതൽ ഇറാനി കപ്പ് പോരാട്ടങ്ങൾക്കും തുടക്കമാകും. കളിക്കാരുടെ ശാരീരികക്ഷമതയും ആവശ്യത്തിന് വിശ്രമവും ഉറപ്പാക്കുന്നതിനായി, ഇത്തവണയും രഞ്ജി ട്രോഫിയും കേണൽ സി.കെ. നായുഡു ട്രോഫിയും രണ്ട് ഘട്ടങ്ങളായാണ് നടത്തുക. രഞ്ജി ട്രോഫി എലൈറ്റ് ഗ്രൂപ്പിൽ നാല് ഗ്രൂപ്പുകളിലായി 32 ടീമുകളും, പ്ലേറ്റ് ഗ്രൂപ്പിൽ ആറ് ടീമുകളുമാണ് മത്സരിക്കുക. വളർന്നുവരുന്ന അണ്ടർ23 താരങ്ങൾക്ക് കൂടുതൽ മികച്ച മത്സരപരിചയം നൽകുന്നതിനായി, കേണൽ സി.കെ. നായുഡു ട്രോഫി ജേതാക്കളും റെസ്റ്റ് ഓഫ് ഇന്ത്യയും തമ്മിലുള്ള മത്സരം ഇത്തവണ ആഭ്യന്തര കലണ്ടറിലേക്ക് തിരിച്ചെത്തിച്ചിട്ടുണ്ട്. ഒക്ടോബർ ഒന്നു മുതൽ 4 വരെയാണ് ഈ മത്സരം നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ പുരുഷന്മാരുടെ അണ്ടർ 23 സ്റ്റേറ്റ് ട്രോഫിയും വിസി ട്രോഫിയും ഇനി മുതൽ ഏകദിനത്തിന് പകരം ടി20 ഫോർമാറ്റിലാകും നടക്കുക. കൂച്ച് ബെഹാർ ട്രോഫിയുടെ (എലൈറ്റ് ഗ്രൂപ്പ്) നോക്കൗട്ട് മത്സരങ്ങൾ ബംഗളൂരുവിലും മൈസൂരുവിലുമായി നടക്കും. ജനുവരി മാസത്തിലെ കടുത്ത കാലാവസ്ഥാ വ്യതിയാനം മത്സരങ്ങളെ ബാധിക്കാതിരിക്കാനും എല്ലാ പ്രദേശങ്ങളിൽ നിന്നുമുള്ള ടീമുകൾക്ക് തുല്യമായ മത്സര സാഹചര്യം ഉറപ്പാക്കാനുമാണ് ഈ മാറ്റം. ഇതിനൊപ്പം, അണ്ടർ16 വിഭാഗത്തിലെ വിജയ് മർച്ചന്റ് ട്രോഫി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആസൂത്രണം ചെയ്യുന്നതിനായി നവംബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിലേക്ക് മുന്നോട്ട് മാറ്റി നിശ്ചയിച്ചിട്ടുണ്ട്.

# 'വിമൺസ് 11': രണ്ടര കോടിയുടെ ശബരി ഉൽപ്പന്നങ്ങൾ വിറ്റ് സപ്ലൈകോ

**കൊച്ചി:** സംസ്ഥാന നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 11 വനിതാ ജനപ്രതിനിധികൾക്കുള്ള ആദരസൂചകമായി സപ്ലൈകോ നടപ്പാക്കിയ 'വിമൻസ് 11' ഓഫറിന് വൻ പ്രതികരണം. മെയ് 11 മുതൽ 11 ദിവസത്തേക്ക് നൽകിയ ഓഫറിൽ 1,77,476 വനിത ഉപഭോക്താക്കളാണ് സാധനങ്ങൾ വാങ്ങിയത്. രണ്ടര കോടി രൂപയുടെ 11 ശബരി ഉൽപ്പന്നങ്ങളാണ് മെയ് 21 വരെ നടത്തിയ ഈ ഓഫർ മുഖേന ജനങ്ങളിലേക്ക് എത്തിയത്. ശബരി വെളിച്ചെണ്ണ, അപ്പം പൊടി, പുട്ടുപൊടി, ഉപ്പ്, മഞ്ഞൾപൊടി, മുളകുപൊടി, മല്ലിപൊടി, കടുക്, ജീരകം, ശബരി ഗോൾഡ് ചായപ്പൊടി, ഹോട്ടൽ ബ്ലെൻഡ് ചായപ്പൊടി എന്നിവയാണ് 11 ശതമാനം വിലക്കുറവിൽ വനിതാ ഉപഭോക്താക്കൾക്ക് നൽകിയത്. ഇവയിൽ ശബരി വെളിച്ചെണ്ണയ്ക്കാണ് കൂടുതൽ ആവശ്യക്കാരുണ്ടായിരുന്നത്. 85,000 ലിറ്റർ ശബരി വെളിച്ചെണ്ണയും, 35 ടണ്ണോളം ശബരി പുട്ടുപൊടിയും അപ്പം പൊടിയുമാണ് ഈ ഓഫറിൽ ഉപഭോക്താക്കൾ വാങ്ങിയത്. വനിതാ നേതൃത്വത്തെ ആദരിക്കുന്നതോടൊപ്പം, സ്ത്രീകൾ വീടുകളിലും സമൂഹത്തിലും വഹിക്കുന്ന നിർണായക പങ്കിനെയും ഉയർത്തിക്കാട്ടുകയായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം.

# ഇന്ത്യ–നോർവേ മറൈൻ ടെക് ഇന്നൊവേഷൻ കോറിഡോർ: നിർദ്ദേശം സമർപ്പിച്ച് കെഎസ് യുഎം സ്റ്റാർട്ടപ്പ് ഐറോവ



**കൊച്ചി:** നാല് പതിറ്റാണ്ടിന് ശേഷം ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ചരിത്രപരമായ നോർവേ സന്ദർശനത്തിനുള്ള ഔദ്യോഗിക ബിസിനസ്സ് പ്രതിനിധി സംഘത്തിലേക്ക് കേരളത്തിൽ നിന്നുള്ള ഡീപ്പ്ടെക് സ്റ്റാർട്ടപ്പായ ഐറോവ് തിരഞ്ഞെടുക്കപ്പെട്ടു. കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക് ഐഡി സ്റ്റാർട്ടപ്പായ ഐറോവ് അർവാട്ടർ റോബോട്ടിക്സ് കമ്പനിയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഓസ്ലോയിൽ നടന്ന ഇന്ത്യ-നോർവേ സിഇഒ റൗണ്ട് ടേബിളിലും ഹൈ ലെവൽ ബിസിനസ്സ് ആന്റ് റിസർച്ച് ഉച്ചകോടിയിലും പങ്കെടുക്കാൻ ഐറോവിന് അവസരം ലഭിച്ചത് അഭിമാന നിമിഷമാണെന്ന് കമ്പനി സഹസ്ഥാപകനും സിടിഒയുമായ കണ്ണപ്പ പളനിയപ്പൻ ചൂണ്ടിക്കാട്ടി. സമുദ്രോപരിതല സാങ്കേതികവിദ്യ, അർവാട്ടർ റോബോട്ടിക്സ്, ബ്ലൂ ഇക്കോണമി എന്നീ മേഖലകളിൽ ഇന്ത്യാ-നോർവേ സഹകരണത്തിനായി തന്ത്രപ്രധാന ദിശാരേഖ ഐറോവ് സമർപ്പിച്ചു. നിലവിൽ ഇന്ത്യയിൽ പ്രവർത്തിക്കുന്ന നോർവീജിയൻ കമ്പനികളിൽ ഏകദേശം എഴുപത് ശതമാനവും സമുദ്രമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഈ പങ്കാളിത്തം ഇരുരാജ്യങ്ങൾക്കും ഏറെ നിർണ്ണായകമാണ്. സബ്സീ എഞ്ചിനീയറിംഗ്, ഗ്രീൻ ഷിപ്പിംഗ്, അക്വാകൾച്ചർ എന്നിവയിൽ ലോകനേതാവായ നോർവേ, ഐറോവിന് ഏറ്റവും അനുയോജ്യമായ പങ്കാളിയാണെന്നും, അർവാട്ടർ റോബോട്ടിക്സ്, സെൻകോപ് ഇന്റഗ്രേഷൻ, പ്രെഡിക്റ്റീവ് മെയിന്റനൻസ്, തുറമുഖ അടിസ്ഥാന സൗകര്യങ്ങളുടെ നിരീക്ഷണം എന്നിവയിൽ ഒരുമിച്ച് പ്രവർത്തിക്കാൻ വലിയ സാധ്യതകളാണുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള സ്റ്റാർട്ടപ്പ് മിഷന്റെ പിന്തുണയോടെ വളർന്ന് ആഗോള വേദിയിൽ രാജ്യത്തെ പ്രതിനിധീകരിക്കാൻ കഴിഞ്ഞ ഐറോവിന്റെ ഈ നേട്ടം മറ്റ് ഇന്ത്യൻ ഡീപ്പ്ടെക് സ്റ്റാർട്ടപ്പുകൾക്കും വലിയൊരു പ്രചോദനമാണെന്ന് കെഎസ് യുഎം വ്യക്തമാക്കി.

# ഉഷസ് പദ്ധതി: നിക്ഷേപ കരാർ ഒപ്പുവെച്ച് കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ്



**കൊച്ചി:** കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് മുൻനിര സ്റ്റാർട്ടപ്പ് സംരംഭമായ 'ഉഷസ്' പദ്ധതിക്ക് കീഴിൽ മാരിടെക് ഇന്റഗ്രേറ്റഡ് മാരിടൈം പ്രൈവറ്റ് ലിമിറ്റഡിന്റെ അഞ്ച് ശതമാനം ഓഹരി മൂലധന നിക്ഷേപത്തിന് കരാർ ഒപ്പുവെച്ചു. കേന്ദ്രഗവണ്മെന്റിന്റെ നൂതനാശയം, സംരംഭകത്വം, തദ്ദേശീയവൽക്കരണം, സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പ് വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കുന്ന കാഴ്ചപ്പാടുകൾക്ക് അനുസൃതമായാണ് കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ ഉഷസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തന്ത്രപരമായ നിക്ഷേപങ്ങളിലൂടെയും സ്റ്റാർട്ടപ്പ് സഹകരണത്തിലൂടെയും ഇന്ത്യയുടെ സമുദ്ര മേഖലയെ ശക്തിപ്പെടുത്താനാവുന്ന പുതിയ സാങ്കേതികവിദ്യകളെ പ്രോത്സാഹിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സമുദ്ര മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കാനും നിക്ഷേപം നടത്താനും ഉഷസ് പദ്ധതിക്ക് കീഴിൽ 50 കോടി രൂപയുടെ ആകെ മൂലധനത്തുക കൊച്ചിൻ ഷിപ്പ്‌യാർഡ് നീക്കിവെച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിന് ഐഐഎംകെ ലൈവ്, ഐഐടി മദ്രാസ് എന്നിവരുമായി കൊച്ചിൻ ഷിപ്പ്‌യാർഡ് പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഡെറാഡൂൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന അത്യാധുനിക സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പാണ് മാരിടെക് ഇന്റഗ്രേറ്റഡ് മാരിടൈം പ്രൈവറ്റ് ലിമിറ്റഡ്. സമുദ്ര മേഖലയിലെ പങ്കാളികളെ പരസ്പരം ബന്ധിപ്പിക്കുകയും ചരക്കുനീക്കം, തുറമുഖ അനുബന്ധ സേവനങ്ങൾ എന്നിവ സുഗമമാക്കുകയും ചെയ്യുന്ന 'ഇന്റഗ്രേറ്റഡ് മാരിടൈം എക്സ്ചേഞ്ച്' എന്ന ഡിജിറ്റൽ സംവിധാനം ഇവർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സമുദ്ര വ്യവസായ ശൃംഖലയിലുടനീളം പ്രവർത്തനക്ഷമതയും സുതാര്യതയും സഹകരണവും വർധിപ്പിച്ച് മേഖലയുടെ ഏകീകൃത ഡിജിറ്റൽ വിപണിയായി നിലകൊള്ളാൻ ഇന്റഗ്രേറ്റഡ് മാരിടൈം എക്സ്ചേഞ്ചിന് സാധിക്കും. ഇന്ത്യയിലെ സമുദ്ര വ്യാപാരത്തിന്റെയും ചരക്കുനീക്കത്തിന്റെയും ഡിജിറ്റൽവൽക്കരണം ത്വരിതപ്പെടുത്തുന്നതിൽ ഇതിന് സുപ്രധാന പങ്കുവഹിക്കാനാകും.

# ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് പ്രാരംഭ് ഔട്ട്റീച്ച് പരിപാടി സംഘടിപ്പിച്ചു




**കൊച്ചി:** ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ലാഭേച്ഛയില്ലാത്ത സംഘടനകൾക്കായി (എൻ പി ഒ) 2025ലെ ആദായനികുതി നിയമത്തിലെ വ്യവസ്ഥകൾ വിശദീകരിക്കുന്ന 'പ്രാരംഭ് 2026' ഔട്ട്റീച്ച് പരിപാടി സംഘടിപ്പിച്ചു. ഇൻകം ടാക്സ് കമ്മീഷണർ (എക്സംപ്ഷൻസ്) ഡോ. കെ. ശങ്കർ പ്രസാദ് ഉദ്ഘാടനം ചെയ്തു. മതപരവും സേവന പ്രവർത്തനങ്ങളും ലാഭേച്ഛയില്ലാത്തതുമായി പ്രവർത്തിച്ചിരുന്ന സംഘങ്ങളുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ നേരത്തെ വിവിധ അധ്യായങ്ങളിലായി വ്യാപിച്ചു കിടന്നിരുന്നത് ഒറ്റ അധ്യായത്തിലേക്ക് കൊണ്ടുവന്നതായി ഡോ. ശങ്കർ പ്രസാദ് ഉദ്ഘാടന പ്രസംഗത്തിൽ വിശദമാക്കി.

ലാഭേച്ഛയില്ലാത്ത സംഘടനകളുടെ പ്രവർത്തനങ്ങളിലെ കൊമേഴ്സ്യൽ ആക്ടിവിറ്റികൾ, ബിസിനസ് ആക്ടിവിറ്റികൾ തുടങ്ങിയവയെ കുറിച്ചും അവയുടെ ബിസിനസ് പ്രവർത്തനങ്ങളിലെ നിയന്ത്രണങ്ങളും അദ്ദേഹം വ്യക്തമാക്കി. നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചാലുാകുന്ന പ്രത്യാഘാതങ്ങൾ, അക്കൗണ്ട് പുസ്തകങ്ങൾ സൂക്ഷിക്കൽ, ഓഡിറ്റിംഗ്, നിശ്ചിത പരിധിക്കുള്ളിൽ വരുമാന റിട്ടേണും ഫിനാൻഷ്യൽ ഓഡിറ്റിംഗ് റിപ്പോർട്ടും സമർപ്പിക്കുന്നതിന്റെ പ്രാധാന്യവും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇൻകം ടാക്സ് ഡപ്യൂട്ടി കമ്മീഷണർ ജി ശ്രീദേവി, ജോയിന്റ് കമ്മീഷണർ ഡോ. ജി കണ്ണൻ, ഐ ടി ഒ അമിത് കുമാർ ദാസ്, ചാർട്ടേഡ് അക്കൗണ്ടന്റ് ജോണി പള്ളിവാതുക്കൽ, ഐ ടി ഐ സതീഷ് പട്ടേൽ എന്നിവർ എൻ പി ഒകൾക്ക് ബാധകമായ പുതിയ നിയമ വ്യവസ്ഥകൾ, ഭരണപരവും നിയമാനുസൃതവുമായ ചുമതലകൾ, ഓഡിറ്റ്, റിട്ടേൺ സമർപ്പണം, ഫോമുകൾ, ഫണ്ട് അക്ക്യുമുലേഷൻ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. ട്രസ്റ്റുകൾ, സൊസൈറ്റികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ചാരിറ്റബിൾ സംഘടനകൾ എന്നിവയുടെ ട്രസ്റ്റിമാർ, ഭരണസമിതി അംഗങ്ങൾ, സി ഇ ഒമാർ, ഫിനാൻസ് ഓഫീസർമാർ തുടങ്ങി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്നവരാണ് പങ്കെടുത്തത്.

# പാക്കേജിംഗിനെ പ്രധാന ഘടകമായി കാണണം: കെ.എം.എ




**കൊച്ചി:** സ്ഥാപനങ്ങളുടെ വളർച്ചാ ഘടകങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ പാക്കേജിംഗിനെയും പ്രധാന ഘടകമായി കാണേ സമയമാണിതെന്ന് അനശ്വര ഓഫ്സെറ്റ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അനൂപ് വേണുഗോപാലൻ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷന്റെ യംഗ് മൈൻഡ്സിന്റെ നേതൃത്വത്തിൽ ബ്രാൻഡിനെ ലോക്കലിൽ നിന്ന് ഗ്ലോബലിലേക്ക് ഉയർത്തുന്ന പാക്കേജിംഗ് എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പാക്കേജിംഗ് എന്നാൽ ഒരു ഉത്പന്നത്തെ പൊതിയുകയോ സംരക്ഷിക്കുകയോ ചെയ്യുന്നതിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും ഒരു ഉത്പന്നത്തെയോ വ്യക്തിയെയോ പൊതുജനങ്ങൾക്ക് ആകർഷകമായ രീതിയിൽ അവതരിപ്പിക്കുന്ന കല കൂടിയാണെന്നും അദ്ദേഹം പറഞ്ഞു. പല സ്ഥാപനങ്ങളും പാക്കേജിംഗിനെ വെറും സംരക്ഷണ ഉപാധിയായി മാത്രം കാണുന്നതിനാലാണ് അതിന്റെ യഥാർഥ ബിസിനസ് സാധ്യതകൾ തിരിച്ചറിയപ്പെടാത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബ്രാൻഡുകളുടെ ആദ്യ സ്വാധീനം സൃഷ്ടിക്കുന്നതിൽ പാക്കേജിംഗിന് നിർണായക സ്വാധീനമുണ്ട്. പാക്കേജിംഗിന്റെ രൂപകൽപ്പന, നിറങ്ങൾ, ആകൃതി, അവതരണരീതി എന്നിവ ഉപഭോക്താവിന്റെ മനസ്സിൽ അവബോധാതീതമായി സ്വാധീനം ചെലുത്തുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലോഗോ ടു ലഗസി എന്ന പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്തു.

കെ എം എ വൈസ് പ്രസിഡന്റ് ദിലീപ് നാരായണൻ അധ്യക്ഷത വഹിച്ചു. മുൻ പ്രസിഡന്റ് ബിബു പുന്നൂരാൻ, യംഗ് മൈൻഡ്സ് ചെയർ നിവേദിത് ജോർജ്, ജോയിന്റ് സെക്രട്ടറി ലേഖ ബാലചന്ദ്രൻ എന്നിവരും സംസാരിച്ചു.

# ഇന്ത്യ–ഒമാൻ വ്യാപാര സഹകരണം ശക്തിപ്പെടുത്തൽ: ഇൻമെക് പ്രതിനിധികൾ കോൺസൽ ജനറലുമായി കൂടിക്കാഴ്ച നടത്തി

**കൊച്ചി:** ഇന്ത്യയും ഒമാനും തമ്മിലുള്ള വ്യാപാര സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുന്നതിന് ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്) പ്രതിനിധികൾ മുംബൈയിലെ ഒമാൻ സുൽത്താനേറ്റിന്റെ കോൺസൽ ജനറൽ മഹ്ബൂബ് ഈസ അൽ റൈസിയുമായി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ ഇൻമെക് ചെയർമാൻ ഡോ. എൻ എം ഷറഫുദ്ദീൻ, സെക്രട്ടറി ജനറൽ ഡോ. സുരേഷ്കുമാർ മധുസൂദനൻ, മഹാരാഷ്ട്ര ചാപ്റ്റർ വൈസ് പ്രസിഡന്റ് വി എസ് അബ്ദുൽ കരീം എന്നിവർ പങ്കെടുത്തു. ഇന്ത്യ ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ (സിഇപിഎ) അടിസ്ഥാനമാക്കി വ്യാപാരം, നിക്ഷേപം, ലോജിസ്റ്റിക്സ്, ടൂറിസം, മനുഷ്യവിഭവ സഹകരണം, ബിസിനസ് പങ്കാളിത്തങ്ങൾ എന്നിവ വിപുലപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കൂടിക്കാഴ്ചയിൽ ചർച്ചയായത്. ഇന്ത്യയിലെയും ഒമാനിലെയും സംരംഭകരും നിക്ഷേപകരും ഉൾപ്പെടുന്ന ബിസിനസ് സമൂഹങ്ങൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിവിധ പദ്ധതികളും ചർച്ച ചെയ്തു. അന്തർദേശീയ ബിസിനസ് ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഇൻമെക് വഹിക്കുന്ന പങ്കിനെ കോൺസൽ ജനറൽ അഭിനന്ദിക്കുകയും ഭാവിയിലെ സംയുക്ത സംരംഭങ്ങൾക്ക് പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. സെപ്റ്റംബറിൽ അദ്ദേഹം കേരളം സന്ദർശിക്കുമെന്നും അതിന്റെ ഭാഗമായി ഇന്ത്യ ഒമാൻ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഇൻമെക് വിവിധ ബിസിനസ് മീറ്റിംഗുകളും സംവാദങ്ങളും സംഘടിപ്പിക്കുമെന്നും അറിയിച്ചു. യോഗം ഇന്ത്യയും ഒമാനും തമ്മിലുള്ള ചരിത്രപരവും സൗഹൃദപരവുമായ ബന്ധം വീണ്ടും ഊട്ടിയുറപ്പിക്കുകയും സാമ്പത്തിക സാംസ്കാരിക സഹകരണം കൂടുതൽ വികസിപ്പിക്കാനുള്ള പരസ്പര പ്രതിബദ്ധത ഉയർത്തിക്കാട്ടുകയും ചെയ്തു.

# ലുലു ഫാഷൻ വീക്ക് പത്താം എഡിഷന് പ്രൗഢ ഗംഭീര തുടക്കം



**കൊച്ചി:** നാല് ദിവസം കൊച്ചിക്ക് അഴക് രാവൊരുക്കി ലുലു ഫാഷൻ വീക്ക് പത്താം എഡിഷന് പ്രൗഢ ഗംഭീര തുടക്കം. പ്രശ്സത തെന്നിന്ത്യൻ നടിയും മോഡലുമായ സുഭ്ര അയ്യപ്പയും മിസ്റ്റർ ഇന്ത്യ വേൾഡ് 2024ലും നടനുമായ ഗോകുൽ ഗണേഷും ചേർന്ന് ഫാഷൻ വീക്ക് റാമ്പ് വാക്കോടെ ഉദ്ഘാടനം ചെയ്തു. വിവിധ ബ്രാൻഡുകൾക്കായി സംഘടിപ്പിച്ച ഷോയിൽ ആദ്യദിവസം ഒൻപത് ഷോകൾ അരങ്ങേറി. ഷോ സ്റ്റോപ്പേഴ്സായി നടി പാരീസ് ലക്ഷ്മി, നടനും മോഡലുമായ ആര്യൻ കദൂര്യ, മിസ് കേരള 2025 അരുണിമ ജയൻ, അക്ഷയ് ബാബുരാജ്, സിനിമ നൃത്ത സംവിധായകൻ ജിബിൻ ജോർജ് എന്നിവർ ചുവടുവച്ചു.
ആഗോള ഫാഷൻ ട്രെൻഡുകൾ കൊച്ചിക്ക് സമ്മാനിച്ചാണ് ലുലു ഫാഷൻ രാവുണർന്നത്. അന്താരാഷ്ട്ര ബ്രാൻഡുകൾ അണി നിരക്കുന്ന ഈ വർഷത്തെ ലുലു ഫാഷൻ വീക്ക് അവതരിപ്പിക്കുന്നത് ബ്ലാക്ക് ബെറീസ് ആണ്. അമുക്തി, കില്ലർ എക്സ് എന്നീവരാണ് പവേർഡ് ബൈ പാർട്ട്ണേഴ്സ്.
ഇന്ത്യയിലെ പ്രശസ്തരായ ഫാഷൻ ഡിസൈനർമാരും മോഡലുകളും അണിനിരക്കുന്ന ലുലു ഫാഷൻ വീക്കിന്റെ ഷോ ഡയറക്ടർ ഫഹീം രാജയാണ്. 20ലധികം അന്താരാഷ്ട്ര മോഡലുകൾക്കൊപ്പം രാജ്യത്തെ മുൻനിര സെലിബ്രിറ്റികളും, രാജ്യാന്തര മോഡലുകളും, സിനിമാ മിനി സ്ക്രീൻ താരങ്ങളും, ഇൻഫൽവൻസേഴ്സും ഷോ സ്റ്റോപ്പേഴ്സാകും. ലോകോത്തര ബ്രാൻഡുകളുടെ ആകർഷകമായ ഏറ്റവും പുതിയ സ്പ്രിങ് സമ്മർ കളക്ഷനുകൾ പ്രദർശിപ്പിച്ചുകൊണ്ട് നിരവധി ഫാഷൻ ഷോകളാണ് അരങ്ങേറുക. ഏറ്റവും പുതിയ പതിപ്പുകൾ ഷോയിൽ അവതരിപ്പിക്കും. ആഗോള ബ്രാൻുകൾ ഷോയിൽ മുഖ്യഭാഗമാകും. ഫാഷൻ, എന്റർടെയ്ൻമെന്റ്, റീട്ടെയ്ൽ മേഖലകളിൽ നിന്നുള്ള നിരവധി പ്രമുഖരും ഷോയിൽ പങ്കാളിയാകും. ഫാഷൻ രംഗത്തെ ആകർഷകമായ സംഭാവനകൾ മുൻനിർത്തി ഫാഷൻ ടൈറ്റിലുകളും, മികച്ച വസ്ത്ര ബ്രാൻഡുകൾക്ക് എക്സ്ക്ലൂസിവ് ഫാഷൻ അവാർഡും സമ്മാനിക്കും. പുരസ്കാര ദാനത്തോടെ മെയ് 24ന് ഫാഷൻ വീക്ക് സമാപിക്കും. കൊച്ചി ലുലു മാൾ ജനറൽ മാനേജർ വിഷ്ണു ആർ നാഥ്, ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത് , ബയിങ് മാനേജർ സന്തോഷ് കൊട്ടാരത്തിൽ തുടങ്ങിയവർ പങ്കാളികളായി.

## കോൺക്ലേവിൽ പങ്കെടുത്തു

**കൊച്ചി:** ഉപഭോക്തൃ ക്ഷേമം, സംരക്ഷണം, ഡിജിറ്റൽ നവീകരണം എന്നിവയുടെ ഭാവിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി എൻബിഎഫ്സി, ഫിൻടെക്, ഇൻഷുറൻസ് മേഖലയിലെ പ്രമുഖ കമ്പനികൾ പങ്കെടുത്ത കൊച്ചി ഗ്രാൻഡ് ഹയാത്തിൽ നടന്ന ഫിൻഎക്സ് ഗോൾഡ് ലോൺ കോൺക്ലേവിൽ ലിവ്ലോങ് 365 പങ്കെടുത്തു.

ഇൻഷുറൻസ്, ഒപിഡി പോലുള്ള ശരിയായ പരിരക്ഷ ഉൽപ്പന്നങ്ങളിലൂടെ എൻബിഎഫ്സികൾക്ക് തങ്ങളുടെ ഉപഭോക്താക്കളുടെ മൊത്തത്തിലുള്ള ക്ഷേമത്തിനും സംരക്ഷണത്തിനും എങ്ങനെ മികച്ച സംഭാവന നൽകാനാകുമെന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്ന മികച്ച വേദിയാണ് ഫിൻഎക്സ് ഗോൾഡ് ലോൺ കോൺക്ലേവെന്ന് ലിവ്ലോങ് 365 സിബിഒ ദിബ്യേന്ദു നന്തി അഭിപ്രായപ്പെട്ടു.

## സൗജന്യ കെ–മാറ്റ് പരിശീലനം

**കൊച്ചി:** എം.ബി.എ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് തൃക്കാക്കര കെ.എം.എം. കോളേജിൽ സൗജന്യ കെ.മാറ്റ് പരിശീലനം നൽകുന്നു. 25-ാം തീയതി രാവിലെ 9-ന് ആരംഭിക്കുന്ന പരിശീലനത്തിൽ വിദഗ്ധരുടെ മേൽനോട്ടത്തിൽ മോക്ക് ടെസ്റ്റും നടത്തും. കൂടുതൽ വിവിരങ്ങൾക്ക് 9400939888.

# അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം: പ്രത്യേക കവറുകൾ പുറത്തിറക്കി



**കൊച്ചി:** അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനത്തോടനുബന്ധിച്ച്, കേരള പോസ്റ്റൽ സർക്കിൾ 'മിനിറ്റ് ലൈഫ്' എന്ന വിഷയത്തിൽ ആറ് പ്രത്യേക കവറുകളുടെ സെറ്റ് പുറത്തിറക്കി. കേരളത്തിൽ കാണപ്പെടുന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള ജീവിവർഗങ്ങളെ എടുത്തുകാണിക്കുന്ന ഈ സംരംഭം, സംസ്ഥാനത്തെ സമ്പന്നമായ ജൈവവൈവിധ്യത്തിലേക്കും ഏറ്റവും ചെറിയ ജീവജാലങ്ങളെപ്പോലും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കും ഉള്ള ശ്രദ്ധ ആകർഷിക്കുന്നു. ആറ് പ്രത്യേക കവറുകൾ അതുല്യ ജീവിവർഗങ്ങളെ ചുറ്റിപ്പറ്റിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സ്പെഷ്യൽ കവറുകളുടെ മുഴുവൻ സെറ്റും എറണാകുളം ഹെഡ് പോസ്റ്റ് ഓഫീസിൽ നടന്ന ചടങ്ങിൽ സെൻട്രൽ റീജിയൻ പോസ്റ്റ് മാസ്റ്റർ ജനറൽ ടി. നിർമ്മലദേവി നിർവഹിച്ചു. തിരുവിതാംകൂർ നേച്ചർ ഹിസ്റ്ററി സൊസൈറ്റി (ടിഎൻഎച്ച്എസ്) സ്ഥാപക അംഗവും ഉപദേഷ്ടാവുമായ പരിസ്ഥിതി പ്രവർത്തകൻ ഡോ. സഞ്ജയനും ടിഎൻഎച്ച്എസിന്റെ റിസർച്ച് അസോസിയേറ്റ് ജി .അശ്വിനും ആദ്യ സെറ്റ് കവറുകൾ സമ്മാനിച്ചു.

